(ബി&സി) 12-2-2009-ലെ സർക്കാർ ഉത്തരവ് G.O.(P) നമ്പർ 25/2009/ട്രാൻ. പ്രകാരമാണ് പരീക്ഷണാടിസ്ഥാനത്തിൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പിൽവരുത്തിയത്. ടി ഉദ്യമം വിജയപ്രദമാകുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേക്കുംകൂടി വ്യാപിപ്പിക്കുന്നകാര്യം പരിശോധനയിലാണ്.

കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസുകൾ

152 (602) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2009-നുശേഷം കെഎസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങിയെന്ന് വ്യക്തമാക്കുമോ ; പുതിയ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയത് ഏതെല്ലാം ഡിപ്പോയിൽനിന്നാണ് ; റൂട്ടും സമയവും ജില്ല തിരിച്ച് അറിയിക്കുമോ ?

ഉത്തരം

ബസ്സുകളുടെ ഷാസികളാണ് കെ.എസ്.ആർ.ടി.സി. വാങ്ങുന്നത്. 2009-ന് ശേഷം ഇതുവരെ 723 പുതിയ ഷാസികൾവാങ്ങി. പുതിയ ബസ്സുകൾ സർവ്വീസ് നടത്തുവാൻ അനുമതി നൽകിയതിന്റെ ജില്ലതിരിച്ചുള്ള ഷെഡ്യൂളുകളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

ഡ്രൈവിംഗ് ലൈസൻസിനായി ഹാജരാക്കേണ്ട മേൽവിലാസം സംബന്ധിച്ച രേഖകൾ

153 (603) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1989-ലെ കേന്ദ്ര മോട്ടോർ വാഹനചട്ടപ്രകാരം ഡ്രൈവിംഗ് ലൈസൻസിനായി ഹാജരാക്കേണ്ട മേൽവിലാസം സംബന്ധിച്ച രേഖകൾ നിർദ്ദേശിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതുപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) വാടകയ്ക്ക് താമസിക്കുന്നവരുടെയും കൂട്ടുകുടുംബങ്ങളിൽ ഉൾപ്പെടുന്നവരുടെയും കാര്യത്തിൽ കൈവശരേഖകളിലെ മേൽവിലാസത്തിൽ വ്യത്യാസമുണ്ടാകുമെന്നതിനാൽ അവരുടെ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന റസിഡൻസ് സർട്ടിഫിക്കറ്റ് മേൽവിലാസ രേഖയായി അംഗീകരിക്കുന്നതിൽ നിയമതടസ്സമുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) പഞ്ചായത്തിരാജ് സംവിധാനം നിലവിലുള്ള സാഹചര്യത്തിൽ, അത്തരം സ്ഥാപനങ്ങൾ നൽകുന്ന റസിഡൻസ് സർട്ടിഫിക്കറ്റ് മേൽവിലാസത്തിന് രേഖയായി സ്വീകരിക്കാൻ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly